**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2160** **14-10-2024 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് മെഡിക്കൽ കോളേജിൽ അവയവമാറ്റ ശസ്ത്രക്രിയ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അഹമ്മദ് ദേവർകോവിൽ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | കോഴിക്കോട് മെഡിക്കൽ കോളേജിൽ അവയവമാറ്റ ശസ്ത്രക്രിയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികളുടെ പുരോഗതി വിശദമാക്കാമോ; | (എ) | കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ അവയവമാറ്റ ശസ്ത്രക്രിയകളിൽ വൃക്ക മാറ്റിവെക്കൽ ശസ്ത്രക്രിയ, നേത്രപടലം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ എന്നിവയാണ് ചെയ്യുന്നത്. കൂടാതെ രക്ത ഗ്രൂപ്പ് മാറിയിട്ടുള്ള വൃക്ക മാറ്റിവെക്കൽ ശസ്ത്രക്രിയയും ചെയ്യുന്നുണ്ട്. ഇത ഒരേ ഗ്രൂപ്പിൽ ഉള്ള ദാതാവ് ഇല്ലാത്ത രോഗികൾക്ക് ഉപകാരപ്രദമാവുകയും കൂടുതൽ രോഗികൾക്ക് വൃക്ക മാറ്റിവെക്കൽ ശസ്ത്രക്രിയ ചെയ്തു കൊടുക്കാനും സാധിക്കുന്നുണ്ട്. ലാപ്രോസ്കോപ്പിക് ഡോണർ നെഫ്രക്ടമി (ചെറിയ മുറിവിലൂടെ ലാപ്രോസ്കോപ്പിക് ഉപയോഗിച്ച് വൃക്ക എടുത്തുമാറ്റൽ സർജറി) യും ഇവിടെ ചെയ്തു വരുന്നു.<br><br>സംസ്ഥാനത്ത് ആരോഗ്യ മേഖലയിൽ അവയവ മാറ്റ പ്രവർത്തനങ്ങൾക്കായി ഗവേഷണ പരിശീലന രോഗി പരിചരണ രംഗങ്ങളിൽ അപ്പക്സ് കേന്ദ്രമായി പ്രവർത്തിക്കുന്നതിനായി കോഴിക്കോട് കേന്ദ്രമാക്കി Institute of Organ and Tissue Transplant സ്ഥാപിക്കുന്ന പദ്ധതിക്ക് 02.12.2022 ലെ സ.ഉ (കൈ) നം. 254/2022/ ആ.കു.വ പ്രകാരം തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. 08.06.2023 ലെ സ.ഉ (കൈ) നം. 1368/2023/ആ.കു.വ പ്രകാരം ഈ പദ്ധതിയുടെ നിർവഹണ ഏജൻസിയായി ഹൈറ്റ്സ് നെ നിയമിക്കുകയും കിഫ്ബി ധനസഹായത്തോടെ രണ്ടു ഘട്ടങ്ങളിലായി പദ്ധതി നടപ്പിലാക്കുന്നതിന് 01.07.2024 ലെ സ.ഉ (കൈ) നം. 134/2024/ആ.കു.വ പ്രകാരം 558.68 കോടി രൂപയുടെ |

| | | | |
|---|---|---|---|
| | | | ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിനുള്ള ഡി.പി.ആർ തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ നിർവ്വഹണ ഏജൻസി ആയ ഹൈറ്റ്സ് സ്വീകരിച്ചു വരുന്നു.<br><br>സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതു വരെ കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിലെ PMSSY ബ്ലോക്കിൽ Institute of Organ and Tissue Transplant ആരംഭിക്കുന്നതിനുള്ള താൽക്കാലിക സംവിധാനം ഒരുക്കുന്നതിന് 17.11.2023 ലെ സ.ഉ (സാധാ) നം. 3026/2023/ആ.കു.വ പ്രകാരം ഉത്തരവ് നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പുതിയ ബ്ലോക്കിൽ ഒരു Operation Theater, 20 ബെഡ് ഉള്ള ഐ.സിയു, 15 ബെഡ് വീതമുള്ള പുരുഷ വനിതാ വാർഡുകൾ, അഞ്ച് ഫാക്കൽറ്റി റൂമുകൾ, ഓഫീസ് സംവിധാനം ഒ.പി റൂം എന്നിവ സജ്ജീകരിച്ചിട്ടുണ്ട്.<br><br>Institute of Organ and Tissue Transplant ന്റെ പ്രവർത്തനത്തിനാവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനായി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. |
| (ബി) | പ്രസ്തുത മെഡിക്കൽ കോളേജിൽ കേന്ദ്ര ആരോഗ്യ സംഘം പരിശോധന നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (ബി) | അവയവമാറ്റ ശസ്ത്രക്രിയ സംബന്ധിച്ച് കോഴിക്കോട് മെഡിക്കൽ കോളേജിൽ കേന്ദ്ര ആരോഗ്യ സംഘം പരിശോധന നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ